കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 11-08-2020

**സർക്കുലർ നം 69**

ജയിൽ ആസ്ഥാനകാര്യാലയത്തിൽ നിന്നുള്ള 17.07.2020 തീയതിയിലെ സർക്കുലർ നം:62 പ്രകാരം തടവുകാരുടെ കൂടിക്കാഴ്ച വാട്സ് ആപ്പ് ഉപയോഗിച്ച് മൂന്ന് മാസത്തേയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ നിർദ്ദേശിച്ചിരുന്നു. തടവുകാരുടെ വിശദവിവരങ്ങൾ ശേഖരിച്ചുവരുന്ന എൻ.ഐ.സി. ന്യൂഡൽഹി വികസിപ്പിച്ചെടുത്തതും കേന്ദ്ര ആഭ്യന്തര മന്ത്രാലയം അംഗീകരിച്ചതുമായ ePrison Suite F സോഫ്റ്റ്‌വെയറിൽ തടവുകാരുടെ കൂടിക്കാഴ്ച ഓൺലൈനായി നടത്തുന്നതിനുള്ള സൗകര്യം ഇപ്പോൾ ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ എല്ലാ ജയിലുകളും തടവുകാരുടെ കൂടിക്കാഴ്ചയ്ക്കായി ടി സോഫ്റ്റ്‌വെയറിലെ ഇ-മുലാക്കാത്ത് സംവിധാനം ഉപയോഗിക്കേണ്ടതാണ്.

ഇതിനായി വിസിറ്റർ എൻ.ഐ.സി.യുടെ എൻ.പി.ഐ.പി. പോർട്ടലിൽ ഓൺലൈനായി രജിസ്റ്റർ ചെയ്ത് അപേക്ഷിക്കേണ്ടതാണ്. ഈ അപേക്ഷയുടെ അടിസ്ഥാനത്തിൽ ജയിലിൽ നിന്നും സന്ദർശനസമയം അനുവദിക്കുകയും ഈ സമയത്ത് സന്ദർശകർക്ക് അവരുടെ ഇമെയിലിൽ ലഭ്യമാകുന്ന ലിങ്കിലൂടെ മൊബൈൽ ഫോൺ /ടാബ് /ലാപ്പ്ടോപ്പ് / കമ്പ്യൂട്ടർ ഉപയോഗിച്ച് കൂടിക്കാഴ്ച നടത്താവുന്നതുമാണ്. ജയിൽ, സന്ദർശകർ എന്നിവർ ചെയ്യേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ (user manual) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

പരീക്ഷണാടിസ്ഥാനത്തിൽ വാട്സ് ആപ്പ് മുഖേന നടത്തിവരുന്ന വീഡിയോകോൾ തടവുകാരുടെ അപേക്ഷപരിഗണിച്ചാണ് നടത്തിവരുന്നത്. എന്നാൽ ഇപ്രിസൺ മുഖാന്തിരമുള്ള കൂടിക്കാഴ്ചയിൽ (ഇ-മുലാക്കാത്ത്) സന്ദർശകർക്ക് അവർ നിശ്ചയിക്കുന്ന ദിവസം രജിസ്റ്റർ ചെയ്ത് സന്ദർശനം നടത്തുവാനുള്ള സൗകര്യം ലഭ്യമാണ്.

ഇപ്രിസൺസ് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ അംഗീകാരമുള്ള സോഫ്റ്റ്‌വെയർ ആയതിനാൽ കൂടിക്കാഴ്ചയ്ക്കായി വകുപ്പ് ടി സംവിധാനം ഉപയോഗിക്കുന്നതിനാണ് കൂടുതൽ ഊന്നൽ നൽകുന്നത്. വാട്സ്അപ്പ് കോൾ ഉപയോഗിക്കുന്നതിന് അനുവദിച്ചിട്ടുള്ള പരീക്ഷണകാലയളവ് കഴിഞ്ഞ് ഓൺലൈൻ ഇന്റർവ്യൂവിനായി ഇപ്രിസസണിന്റെ സൗകര്യം (ഇ-മുലാക്കാത്) പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഈ രണ്ട് സംവിധാനവും ഉപയോഗിച്ചശേഷമുള്ള അഭിപ്രായങ്ങൾ അറിയിക്കേണ്ടതാണ്.

കൂടാതെ സന്ദർശകർ ജയിലിൽ നേരിട്ട് വന്ന് നടത്തുന്ന കൂടിക്കാഴ്ചയ്ക്കുള്ള (ഫിസിക്കൽ ഇന്റർവ്യൂ) കാത്തുനിൽപ്പ് ഒഴിവാക്കാനായി, മുൻകൂറായി സമയം അനുവദിക്കുവാൻ എൻ.പി.ഐ.പി. പോർട്ടലിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതും ജയിലിൽ നിന്നും അനുവദിക്കുന്ന സമയത്ത് സന്ദർശകർക്ക് ജയിലിലെത്തി കൂടിക്കാഴ്ച നടത്താവുന്നതാണ്. എന്നാൽ കോവിഡിന്റെ പശ്ചാതലത്തിൽ ഇപ്പോൾ നേരിട്ടുള്ള കൂടിക്കാഴ്ച്ക്ക് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം മാറുന്ന മുറയ്ക്ക് മാത്രമേ ടി സംവിധാനം പ്രയോജനപ്പെടുത്താൻ പാടുള്ളൂ.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ സ്ഥാപനമേധാവികൾക്കും

പകർപ്പ് : മേഖലാ ഡി ഐ ജി മാർക്ക്